പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 951 **14-10-2026-ൽ മറുപടിയ്ക്ക്**

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

മറുപടി: ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ, മുരിയാട് വേളൂക്കര പഞ്ചായത്തുകളിലേക്കും ഇരിങ്ങാലക്കുട മുൻസിപ്പാലിറ്റിയിലേക്കുമുള്ള കുടിവെള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്.

- 12 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും 18 MLD ശുദ്ധീകരണശാലയും നിർമ്മിക്കുന്ന പ്രവർത്തികൾക്കായി ക്ഷണിച്ച ടെൻഡറിൽ കരാർ കമ്പനി യഥാക്രമം 34.84%, 34.8% അധിക തുക ക്വാട്ട് ചെയ്തതിനാൽ ടെൻഡർ അംഗീകാരം ആവശ്യമായിരുന്നു. എന്നാൽ 16-08-2024-നു ശേഷം പുതിയ പ്രവർത്തികൾക്ക് വർക്ക് ഓർഡർ നൽകുന്നതിന് നിലവിലെ ജൽ ജീവൻ മിഷൻ ഉത്തരവുകൾ പ്രകാരം സാധ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവർത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.
- ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ: ഈ പ്രവർത്തിയുടെ ഒരു ഭാഗം കോമൺ ജംഗ്ഷൻ വരെയുള്ളത് 450 mm DI, 3200 മീറ്റർ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.ബാക്കിയുള്ള 5277 മീറ്റർ മുരിയാട് ടാങ്കിലേക്കും, 5600 മീറ്റർ വേളൂക്കര ടാങ്കിലോട്ടും പോകുന്നത്,ഡിസ്ട്രിബ്യൂഷൻ പ്രവർത്തിയുടെ കൂടെയാണ് ചെയ്യുവരുന്നത്, 3950 മീറ്റർ ദൂരമാണ് പൂർത്തീകരിക്കാനുള്ളത്.ഇതിന് PWD റോഡുകളുടെ പെർമിഷൻ ലഭിക്കേണ്ടതുള്ളതിനാൽ പൂർത്തീകരിക്കാനായിട്ടില്ല.
- റോ വാട്ടർ പമ്പിംഗ് മെയിൻ (600 mm DI, 5800 മീറ്റർ): കരുവന്നൂർ പമ്പ് ഹൗസ് മുതൽ വെട്ടുകുന്നുകാവ് ക്ഷേത്രം വരെയുള്ള 800 മീറ്റർ ദൂരത്തിൽ, തൃശ്ശൂർ-കൊടുങ്ങല്ലൂർ KSTP റോഡിൽ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 5000 മീറ്റർ ദൂരത്തേക്ക് പല തവണ ടെൻഡർ ക്ഷണിച്ചെങ്കിലും ആരും ടെൻഡർ ക്വാട്ട് ചെയ്തിരുന്നില്ല.നിലവിൽ ഈ പ്രവൃത്തി നിശ്ചയിച്ചിരുന്ന കൊടുങ്ങല്ലൂർ - ഷൊർണൂർ KSTP റോഡ് റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചതിനാൽ പ്രസ്തുത റോഡിലൂടെ

പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ സാധിക്കുകയില്ല. ആയതിനായി മറ്റൊരു വഴിയിലൂടെ പൈപ്പ് സ്ഥാപിക്കേണ്ടതിനുള്ള അന്തിമ തീരുമാനം എടുത്ത് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡറിനായി വീണ്ടും സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചെങ്കിലും 16-08-2024 ന ശേഷം പുതിയ പ്രവർത്തികൾക്ക് വർക്ക് ഓർഡർ നൽകുന്നതിന് നിലവിലെ ജല ജീവൻ മിഷൻ ഉത്തരവുകൾ പ്രകാരം സാധ്യമല്ലാത്തതിനാൽ ടി പ്രവൃത്തി തുടരാൻ ആയിട്ടില്ല.

- ഉന്നതതല ജലസംഭരണി - 10 LL OHSR, കല്ലൻകുന്ന് : ഈ പ്രവർത്തി നിലവിൽ Column പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ച് ടാങ്ക് ലെവൽ വരെ (47%) ചെയ്തിട്ടുണ്ട്. ബാക്കി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- മുരിയാട് പഞ്ചായത്ത് - ഉന്നതതല ജല സംഭരണി (OHSR), വനിതവ്യവസായകേന്ദ്രം :

  ഈ പ്രവർത്തി (14%) പൂർത്തിയായിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി ടി പ്രവൃത്തി ഷോർട്ട് ക്ലോസ് ചെയ്യാൻ കോൺട്രാക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രസ്തുത പ്രവർത്തിയുടെ ബാക്കി പ്രവർത്തികൾ പുതിയ വർക്ക് ആയി ചെയ്യുവാൻ വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ആളൂർ ഗ്രാമപഞ്ചായത്തിന് പൂർണ്ണമായും കൊടകര ഗ്രാമപഞ്ചായത്തിന് ഭാഗീകമായും കുടിവെള്ളം വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള ജൽ ജീവൻ മിഷൻ ആളൂർ, കൊടകര (പാർട്ട്) എന്ന പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. മേൽ കുടിവെള്ള പദ്ധതി ആകെ 9 പാക്കേജുകളായാണ് നടപ്പാക്കുന്നത്. ഇതിൽ ആളൂർ, കൊടകര ഗ്രാമപഞ്ചായത്തുകളിലെ വിതരണശൃംഖല, കണക്ഷൻ നൽകൽ, ജല സംഭരണികളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ ഉൾപ്പെടുന്ന 4 പാക്കേജുകൾ ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. പൊരുന്നുകുന്ന് 12 LL ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ പ്രവർത്തികൾ നടന്നുവരുന്നു. ഉൽപാദന ഘടകങ്ങളായ കിണർ, പമ്പ് ഹൗസ്, 10 MLD ജലശുദ്ധീകരണശാല, റോവാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നീ 4 പാക്കേകളിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് നിരവധി തവണ ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും കരാറുകാർ ദർഘാസുകളിൽ ഉയർന്ന തുക രേഖപ്പടുത്തുന്നതിനെ തുടർന്നും മതിയായ ഓഫറുകൾ ലഭ്യമാകാത്തതിനാലും എസ്റ്റിമേറ്റുകൾ റി കാസ്റ്റ് ചെയ്യുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) പ്രസ്തുത കുടിവെള്ള പദ്ധതികളുടെ കാലതാമസം ഒഴിവാക്കുന്നതിനും സാങ്കേതിക പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

മറുപടി: വിവിധ തലങ്ങളിൽ മീറ്റിങ്ങുകൾ നടത്തി കുടിവെള്ള പദ്ധതികളുടെ കാലതാമസം ഒഴിവാക്കുന്നതിനും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, പ്രവൃത്തി ഉത്തരവ് നൽകാത്ത 4 പാക്കേജുകളുടെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.നിലവിൽ

പൊരുന്നകുന്ന് ടാങ്ക് പുനഃരുദ്ധാരണത്തിനുള്ള പ്രവൃത്തിക്കുവേണ്ടി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത 5 പാക്കേജുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും പ്രവർത്തനാനുമതി ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

(സി) പ്രസ്തുത കുടിവെള്ള പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> ജെ ജെ എം ആയി ബന്ധപ്പെട്ട പ്രവർത്തികൾ 2028 ഡിസംബർ 31 ന് ഉള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ